ശ്രീലങ്കയുമായും അമേരിക്കയുമായും ഇന്ത്യ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ

10 (*659) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീലങ്കയുമായും അമേരിക്കയുമായും ഇന്ത്യ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ സംസ്ഥാനത്തെ കാർഷിക മേഖലയെ ഏതു വിധത്തിൽ ബാധിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിവരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു ;

(ഡി) ഈ കരാറുകൾമൂലം സംസ്ഥാനത്തെ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏതുവിധം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാന കാർഷികമേഖലയ്ക്ക് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാകാനിടയുണ്ട്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന മിക്ക ഉൽപ്പന്നങ്ങൾക്കും വിലക്കുറവ് അനുഭവപ്പെടാൻ സാദ്ധ്യതയുണ്ട്. കൂടാതെ ഇറക്കുമതി ചെയ്യുന്നവയുമായി മത്സരിക്കേണ്ട സ്ഥിതിയും ഉണ്ടാകും.

(ബി) ഉണ്ട്.

(സി) കേന്ദ്ര വാണിജ്യ സെക്രട്ടറി മന്ത്രിമാരുമായും, ചീഫ്സെക്രട്ടറിയുമായും ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയും ഉൽപ്പാദനച്ചെലവ് കുറച്ചും ഈ സ്ഥിതി വിശേഷത്തെ നേരിടുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

റബ്ബർ സബ്സിഡി

11 (*660) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly